**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4838** **13-03-2023 - ൽ മറുപടിയ്ക്ക്**

**എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ച് മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് അനുവദനീയമാണോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്ര കൃഷി, മൃഗസംരക്ഷണ, ക്ഷീരവികസന, മത്സ്യബന്ധന മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം തീരത്തു നിന്നും 12 നോട്ടിക്കൽ മൈൽ മുതൽ 200 നോട്ടിക്കൽ മൈൽ വരെയുള്ള എക്സ്ക്ലൂസീവ് എക്കണോമിക് സോൺ (EEZ) ൽ ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം പൂർണ്ണമായി നിരോധിക്കുകയും സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്ന 12 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശത്ത് ലൈറ്റ് ഫിഷിംഗ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതു കൂടി പരിഗണിച്ച് മത്സ്യവിഭവ ശോഷണം തടയുന്നതിന് കെ.എം.എഫ്.ആർ ആക്ട് 1980 ലെ വകുപ്പ് 4 ഉപവകുപ്പ് (1) ക്ലാസ്സ് (f) പ്രകാരവും കെ.എം.എഫ്.ആർ റൂൾ 2018 ലെ റൂൾ (ചട്ടം) 6 (c) പ്രകാരവും, 12 വാട്സിന് മുകളിൽ തീവ്രതയുള്ള കൃത്രിമ ലൈറ്റുകൾ ഉപയോഗിച്ചുള്ള രാത്രികാല മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇത്തരത്തിൽ മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അനധികൃതമായി ലൈറ്റ് ഫിഷിംഗിൽ ഏർപ്പെടുന്നവർക്കെതിരെ കെ.എം.എഫ്.ആർ ആക്ടിലേയും റൂളിലേയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ പിഴ ഉൾപ്പെടെയുള്ള കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടൽ പെട്രോളിംഗ് ശക്തിപ്പെടുത്തുകയും, നിരോധിത മത്സ്യബന്ധന രീതികൾ ഉപയോഗിയ്ക്കുന്നത് കൊണ്ടുണ്ടാകുന്ന ദോഷ ഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തി കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ച് കർണാടകയിൽ നിന്നുള്ള ബോട്ടുകളിൽ | (സി) | എൽ. ഇ. ഡി. ലൈറ്റുകൾ ഉപയോഗിച്ച് വ്യാപകമായി മത്സ്യബന്ധനം നടത്തുന്നത് |

| | | | |
|---|---|---|---|
| | കാസർഗോഡ് തീരത്ത് വ്യാപകമായി മത്സ്യബന്ധനം നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെ രാത്രികാല മത്സ്യബന്ധനം നടത്തിയ കർണ്ണാടക രജിസ്ട്രേഷനുള്ള 9 ബോട്ടുകൾ പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഈ ബോട്ടുകളിൽ നിന്നും ആകെ 22,50,000/-രൂപ പിഴ ഈടാക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത്തരത്തിൽ മത്സ്യബന്ധനം നടത്തിയ എത്ര ബോട്ടുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ചുമത്തിയ ശിക്ഷ എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ? | (ഡി) | എൽ. ഇ. ഡി. ലൈറ്റുകൾ ഉപയോഗിച്ച് വ്യാപകമായി മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെ രാത്രികാല മത്സ്യബന്ധനം നടത്തിയ കർണ്ണാടക രജിസ്ട്രേഷനുള്ള 9 ബോട്ടുകൾ പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഈ ബോട്ടുകളിൽ നിന്നും ആകെ 22,50,000/-രൂപ പിഴ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ